File No.CEPWD/14463/2020-Vig9-AD

നം. CEPWD/14463/2020-VIG 9-AD

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം
പബ്ലിക്ക് ഓഫീസ് കോംപ്ലക്സ്,
തിരുവനന്തപുരം. ഫോൺ : 04712334880
ഇ-മെയിൽ: pwdvigilance@gmail.com
തീയതി: 22/12/2020

## കാരണം കാണിക്കൽ നോട്ടീസ്

ശ്രീമതി.രശ്മി വി.എസ് എന്ന താങ്കൾ റോഡ്സ് സെക്ഷൻ പുളിങ്കുന്നിൽ മൂന്നാംതരം ഓവർസിയർ ആയി 01/08/2019 ൽ ജോലിയിൽ പ്രവേശിക്കുകയും 05/08/2019 മുതൽ 04/11/2019 വരെ അനുവദിച്ച ശൂന്യവേതന അവധിയുടെ കാലാവധി പൂർത്തികരിച്ചിട്ടും ജോലിയിൽ തിരികെ പ്രവേശിക്കാതെ 05/11/2019 മുതൽ അനധികൃതമായ ഹാജരില്ലായ്മ തുടരുന്നു. പുളിങ്കുന്ന് റോഡ്സ് സെക്ഷനിൽ ലഭ്യമായ താങ്കളുടെ മേൽവിലാസത്തിൽ അസിസ്റ്റൻറ് എഞ്ചിനീയർ, റോഡ്സ് സെക്ഷൻ, പുളിങ്കുന്ന് വിശദീകരണം ആവശ്യപ്പെട്ട് കത്തു നൽകിയെങ്കിലും നാളിതുവരെ യാതൊരു പ്രതികരണവും ഉണ്ടായിട്ടില്ല.

5/11/2019 മുതലുള്ള താങ്കളുടെ അനധികൃത ഹാജരില്ലായ്മയ്ക്ക് ഈ കാര്യാലയത്തിൽ നിന്നും നൽകിയ 26/02/2020 തീയതിയിലെ ഇതേ നമ്പർ കുറ്റപത്രം / കുറ്റാരോപണ പത്രിക താങ്കൾ കൈപ്പറ്റിയതായി കാണുന്നു എങ്കിലും നാളിതു വരെ പ്രതിവാദപത്രിക സമർപ്പിക്കുകയോ ഇതുമായി ബന്ധപ്പെട്ട് വകുപ്പുമായി ആശയ വിനിമയം നടത്തുകയോ ഏതെങ്കിലും തരത്തിൽ ചെയ്തിട്ടില്ല. ആയതിനാൽ 5/11/2019 മുതൽ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന താങ്കളെ Kerala Civil Service (CC&A)1960 ചട്ടങ്ങൾ പ്രകാരം ടി തീയതി മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യാൻ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. സർവ്വീസിൽ നിന്നും നീക്കം ചെയ്യാതിരിക്കാൻ മതിയായ കാരണം ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണെന്ന വിവരം അറിയിക്കുന്നു. മേൽപ്പറഞ്ഞ സമയ പരിധിക്കകം മതിയായ കാരണം ബോധിപ്പിക്കാതിരുന്നാൽ താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

Signature valid
Digitally signed by Asok Kumar M
Date: 2020.12.22 17:39:36 IST
Reason: Approved

File No.CEPWD/14463/2020-Vig9-AD

ASOK KUMAR.M
CHIEF ENGINEER

സ്വീകർത്താവ്

ശ്രീമതി രശ്മി.വി.എസ്,
മൂന്നാം തരം ഓവർസിയർ,
പൊതുമരാമത്ത് വകുപ്പ് റോഡ്സ് സെക്ഷൻ ,പുളിങ്കുന്ന്,ആലപ്പുഴ
(എക്സിക്യൂട്ടീവ് എഞ്ചിനീയർ ,നിരത്തു വിഭാഗം ,ആലപ്പുഴ മുഖേന)

പകർപ്പ്: എക്സിക്യൂട്ടീവ് എഞ്ചിനീയർ ,പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം ,ആലപ്പുഴ